# കേരളസർവകലാശാല

നം.പി.ആർ.111 (a)/2023 തിരുവനന്തപുരം, 05/06/2023

## പത്രക്കുറിപ്പ്

### നാടൻ ഫലവൃക്ഷങ്ങൾ കേരളസർവ്വകലാശാല കാമ്പസിലേക്ക് തിരിച്ച് വരുന്നു

അഞ്ച് ദിവസം നീണ്ടുനിൽക്കുന്ന ലോക പരിസ്ഥിതി ദിനാഘോഷങ്ങൾക്ക് ബഹു. സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. (ഡോ.) മോഹനൻ കുന്നുമ്മേൽ ഇന്ന് കാര്യവട്ടം കാമ്പസിൽ പുതുതായി തുടങ്ങുന്ന മെറ്റീരിയൽ സയൻസ് ലാബിനു മുന്നിൽ മാവിൻതൈ നട്ട് തുടക്കം കുറിച്ചു. ആഘോഷങ്ങളുടെ ഭാഗമായി വിദ്യാർത്ഥികളുടേയും അധ്യാപകരുടേയും ജീവനക്കാരുടേയും പങ്കാളിത്തത്തോടെ, വരുന്ന അഞ്ചു ദിവസംകൊണ്ട് കാമ്പസിനുള്ളിൽ അക്കേഷ്യ നിർമാർജ്ജനം നടന്ന ഇടങ്ങളിൽ 2000 നാടൻ ഫലവൃക്ഷ തൈകൾ നടുന്ന പദ്ധതിയാണ് ഇന്നാരംഭിച്ചത്. പരിസ്ഥിതിവിഭാഗത്തിന്റെ നേത്രത്വത്തിൽ സർവകലാശാല കാമ്പസ് പ്ലാസ്റ്റിക് മാലിന്യ മുക്തമാക്കുന്ന പരിപാടിക്കും ഇന്ന് തുടക്കം കുറിച്ചു. വിവിധയിനം മാവിൻ തൈകൾ ഉൾപ്പെട്ട മാന്തോപ്പും തയ്യാറാക്കുന്നുണ്ട്. സിൻഡിക്കേറ്റംഗങ്ങളായ അഡ്വ. കെ എച്ച് ബാബുജൻ,
ഡോ. എസ് നസീബ്, ഡോ. കെ ജി ഗോപ് ചന്ദ്രൻ, പ്രൊഫ. കെ ലളിത, ഡോ. കെ ബി മനോജ്, കാമ്പസ് ഡയറക്ടർ ഡോ. പി എം രാധാമണി, ഡിപ്പാർട്ട്മെൻറ് വിദ്യാർത്ഥി യൂണിയൻ ചെയർപേഴ്സൺ തേജസ്വിനി, റിസർച്ച് സ്റ്റുഡൻറ്സ് യൂണിയൻ ചെയർമാൻ നവീൻ എന്നിവർ നേതൃത്വം നൽകി. ഹരിതാലയം പദ്ധതി ചീഫ് കോഓർഡിനേറ്റർ പ്രമോദ് കിരൺ സ്വാഗതം പറഞ്ഞു.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No.8547330240**